## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3619** **10.04.2013 ൽ മറുപടിയ്ക്ക്.**

### കൃഷിവകുപ്പിലെ ക്ലാർക്ക് തസ്തികകൾ

| **ചോദ്യം**<br>ശ്രീ. വി.ശശി | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
|---|---|
| (എ) കൃഷി വകുപ്പിൽ എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് അനുപാതം 1:1 എന്ന തത്വം പാലിച്ചിട്ടുണ്ടോ; പാലിച്ചിട്ടില്ലായെങ്കിൽ അത് പാലിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) കൃഷി വകുപ്പിൽ എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് അനുപാതം 1:1 എന്ന തത്വം പൂർണ്ണമായും പാലിച്ചിട്ടില്ല. ആയത് പാലിക്കുവാൻ നടപടി സ്വീകരിച്ച വരുന്നു. |
| (ബി) നിലവിൽ കൃഷി വകുപ്പിൽ എത്ര എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികയുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) നിലവിൽ കൃഷി വകുപ്പിൽ<br>**537** – എൽ.ഡി.ക്ലാർക്ക്<br>**538** – യു.ഡി.ക്ലാർക്ക് തസ്തികയുണ്ട്. |
| (സി) 25.11.2010-ലെ ജി.ഒ.(പി)629/10/ഫിൻ നമ്പർ ഉത്തരവ് നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ യോഗ്യത യുണ്ടായിരുന്ന ശേഷിച്ച 136 പേർക്ക് യോഗ്യത നേടിയ തീയതി വച്ച് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. വകുപ്പിലെ എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് അനുപാതമായ 1:1 റേഷ്യോയിലെത്തുവാൻ പര്യാപ്തമായ യോഗ്യതയുള്ള എൽ.ഡി.ക്ലാർക്കമാർ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഇല്ലാത്തതിനാൽ വകുപ്പിലെ 01.01.2007 മുതൽ 31.12.2012 വരെയുള്ള എൽ.ഡി.ക്ലാർക്കമാരെ ഉൾപ്പെടുത്തി 27.02.2013 -ന് താൽകാലികമായി ഒരു സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ടി ലിസ്റ്റിലെ ആക്ഷേപങ്ങൾ തീർത്ത് അന്തിമ പട്ടികയായി പ്രസിദ്ധീകരിക്കുമ്പോൾ പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട അർഹതപ്പെട്ട എൽ.ഡി.ക്ലാർക്കമാർക്ക് യു.ഡി.ക്ലാർക്കമാരായി സ്ഥാനക്കയറ്റം നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജി.ഒ.(പി)629/10/ഫിൻ തീയതി 25.11.2010 ഉത്തരവിലെ മാനദണ്ഡങ്ങൾക്കും നടപടികൾക്കും വിധേയമായി അർഹതയുള്ള തീയതി മുതൽക്ക് കടിശ്ശിഖ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

൯